**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 123** **22-02-2022 - ൽ മറുപടിയ്ക്ക്**

**കുറുപ്പത്താൽ പാങ്ങ് റോഡിലെ ജനവാസ മേഖലയിൽ നിന്ന് തൊണ്ടി വാഹനങ്ങൾ നീക്കം ചെയ്യുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിസരത്ത് കുറുപ്പത്താൽ പാങ്ങ് റോഡിൽ ജനവാസ മേഖലയിൽ തൊണ്ടി വാഹനങ്ങൾ കൂടി കിടക്കുന്നത് ജനജീവിതത്തിന് വളരെയധികം പ്രയാസം സൃഷ്ടിച്ചിട്ടുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റവന്യൂ വകുപ്പിന്റെ കസ്റ്റഡിയിലുള്ള പ്രസ്തുത വാഹനങ്ങളിൽ 16 വാഹനങ്ങളുടെ ലേലം നടന്നിട്ടുള്ളതും ഏകദേശം നാൽപ്പതോളം വാഹനങ്ങളുടെ ലേല നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നതുമാണ്. പിടിച്ചെടുത്ത വാഹനങ്ങളുടെ വേഗത്തിലുള്ള കൈയൊഴിപ്പിക്കലിനായി 11.09.2018 – ലെ സ. ഉ. (പി.) നം. 60/2018/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പിടിച്ചെടുത്ത വാഹനങ്ങൾ വേഗത്തിൽ ഒഴിപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ യോഗം ചേർന്ന് വേണ്ട നിർദ്ദേശങ്ങൾ വകുപ്പുകൾക്കു നൽകിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത വാഹനങ്ങൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ഇത് പൂർണ്ണമായും നീക്കം ചെയ്ത് പൊതുജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | 'എ ' യിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ